HLM-0140

The Heavenly Light Ministry

മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ
മണവാട്ടി സഭയുടെ വേളി നടക്കും (2)
മഹിമയിൽ വാഴുന്ന മണവാളനായ്
മാലിന്യം ഏല്ക്കാതെ നാം ഒരുങ്ങി നിൽക്ക (2)

വാനത്തിൽ മേഘത്തിൽ മദ്ധ്യവാനത്തിൽ
വന്നിടും കാന്തനായ് ഒരുങ്ങി നിൽക്ക (2)
വീണ്ടെടുക്കപ്പെട്ട ദൈവ ജനമേ
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനിൽക്ക (2)

മദ്ധ്യാകാശ...

ഇത്രയും സ്നേഹം കിട്ടിയ ഒരു മണവാട്ടി വേറെ ഇല്ലല്ലോ
ഇത്രയും ഭാഗ്യമേറിയ ഒരു മണവാട്ടി പാരിൽ ഇല്ലല്ലോ
ഇനിയും കുറഞ്ഞൊന്നു കഴിയുന്നേരം
വരുവാനുള്ളവൻ വേഗം വന്നിടും മദ്ധ്യാകാശ...

കുഞ്ഞാടിൻ കല്യാണ നാളിൽ അന്ന് ക്ഷണിക്കപ്പെട്ടോരെല്ലാവരും
കാന്തനോടു ചേർന്നിടുവാൻ അവർക്കന്നാളിൽ ഭാഗ്യം ഉണ്ടാകും
ഇവിടെ കയറിവരിക എന്ന്
കർത്താവിൻ ഗംഭീര നാദം കേട്ടിടും മദ്ധ്യാകാശ...

ഇത്രയും സ്നേഹം നൽകിയ ഒരു മണവാളൻ വേറെ ഇല്ലല്ലോ
ഇത്രമാം രക്ഷ നൽകിയ ഒരു രക്ഷകൻ ഭൂവിൽ ഇല്ലല്ലോ
സ്വന്തമാം ജീവനെ തന്നു വീണ്ടവൻ
തിരുരക്തം ചൊരിഞ്ഞു രക്ഷയേകിയോൻ മദ്ധ്യാകാശ...